ഗവൺമെൻറ് ആശുപത്രികളിലെ ഡോക്ടർമാർ

557 [812] ശ്രീ. പി.ആർ. കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെൻറ് ആശുപത്രികളിൽ ആകെ എത്ര ഡോക്ടർമാർ ഉണ്ട്;

(ബി) ഡെപ്യൂട്ടേഷനിൽ പോയവർ എത്ര;

(സി) ഡെപ്യൂട്ടേഷൻ തുടർന്നു പോകുന്നതുമൂലം നല്ല ഡോക്ടർമാരുടെ സേവനം പൊതുജനങ്ങൾക്ക് നഷ്ടപ്പെടാൻ കാരണമാകുന്നുണ്ടെന്നുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) മെഡിക്കൽകോളേജിലെ റഗുലർ സ്റ്റാഫ് കൂടാതെ സംസ്ഥാന ആരോഗ്യവകുപ്പിൻെറ കീഴിൽ 2,169 ഡോക്ടർമാർ ഉണ്ട്.

(ബി) കേന്ദ്ര ഗവൺമെൻറ് വിദേശത്തേയ്ക്ക് തിരഞ്ഞെടുത്തിട്ടുള്ള 71 പേരുൾപ്പെടെ ആകെ 177 പേർ.

(സി) ഇല്ല. ഡെപ്യൂട്ടേഷനിൽ പോകുന്നവർക്കു പകരം തുല്യ യോഗ്യതയുള്ള ഡോക്ടർമാരെ നിയമിക്കാൻ സാദ്ധ്യമാകുന്ന സാഹചര്യത്തിൽ മാത്രമേ ഡെപ്യൂട്ടേഷൻ അനുവദിക്കാറുള്ളൂ.

ആയുർവ്വേദ ചികിൽസാ കേന്ദ്രങ്ങൾ

558 [813] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

അറബികൾക്കു ആയുർവ്വേദ ചികിൽസയിലുള്ള താൽപ്പര്യത്തെ മുൻനിർത്തി അവരെ കേരളത്തിലേക്കു ആകർഷിക്കുന്നതിനായി കോവളത്തും, തേക്കടിയിലും അവർക്കു വേണ്ടി പ്രത്യേക ആയുർവ്വേദ ചികിൽസാ കേന്ദ്രം ആരംഭിക്കുമോ?

ഉത്തരം

കോവളത്ത് ഇന്ത്യൻ ടൂറിസം ഡവലപ്പ്മെൻറ് കോർപ്പറേഷൻെറ ആഭിമുഖ്യത്തിൽ ഒരു ആയുർവ്വേദ ചികിൽസാകേന്ദ്രം നടത്തി വരുന്നുണ്ട്. തേക്കടിയിലും ഇത്തരമൊരു കേന്ദ്രം ആരംഭിക്കാമോ എന്നു കോർപ്പറേഷൻ പരിഗണിക്കേണ്ടതാണ്.

ഫാർമസിസ്റ്റ് സ്കൂൾ

559 [814] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫാർമസിസ്റ്റുമാരുടെ ക്ഷാമം പരിഹരിക്കുന്നതിന് ഒരു പുതിയ ഫാർമസിസ്റ്റ് സ്കൂൾ തൃശ്ശൂർ ജില്ലാ ആശുപത്രിയോടനുബന്ധിച്ചു തുടങ്ങുമോ?

LIBRARY ARCHIVES Kerala Legislative Assembly.

ഉത്തരം

ഫാർമസിസ്റ്റുകൾക്കു ക്ഷാമം ഉള്ളതായി അറിവില്ല. പ്രതിവർഷം 125 (നൂറ്റിഇരുപത്തഞ്ച്) പേർക്ക് ഗവൺമെൻറ് മെഡിക്കൽ കോളേജുകളിൽ പരിശീലനം നൽകി വരുന്നതിനു പുറമേ എറണാകുളം ലിസി ഹോസ്പിറ്റലിൽ നടത്തുന്ന ഫാർമസി കോഴ്സിനും ഗവൺമെൻറ് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ പ്രതിവർഷം (28) ഇരുപത്തിയെട്ട് പേരെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഫാർമസി ഡിഗ്രി കോഴ്സിനും ചേർക്കുന്നുണ്ട്. അതിനാൽ പുതിയ ഒരു ഫാർമസിസ്റ്റ് സ്കൂൾ തുടങ്ങുവാൻ ഇപ്പോൾ ആലോചനയില്ല.

തൈക്കാട് ആശുപത്രിയിൽ അധികൃതരുടെ അനാസ്ഥ മൂലം ഉണ്ടായ മരണത്തെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട്

560 [815] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൈക്കാട് ആശുപത്രി അധികൃതരുടെ അനാസ്ഥമൂലമുണ്ടായ മരണത്തെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട് ഗവൺമെൻറിനു കിട്ടിയോ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് അന്വേഷണ വിധേയമായത്;

(സി) റിപ്പോർട്ടിൻമേൽ നടപടികൾ എടുത്തുവോ;

(ഡി) കുറ്റക്കാരുടെ പേരിൽ നടപടികൾ സ്വീകരിക്കണമെന്ന് റിപ്പോർട്ടിൽ ശുപാർശയുണ്ടോ;

(ഇ) ആശുപത്രി ഭരണസംവിധാനം പരിഷ്കരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്.

ഉത്തരം

(എ) കിട്ടിയിട്ടുണ്ട്.

(ബി) 1. ഓപ്പറേഷൻ തിയേറ്ററിൽ രോഗബാധയുണ്ടാകാനുള്ള കാരണം.

2. രോഗബാധയ്ക്കുള്ള കാരണം ഏതെങ്കിലും വ്യക്തിയുടെ ഏതെങ്കിലും സന്ദർഭത്തിലുള്ള അശ്രദ്ധമൂലമാണോ; ആണെങ്കിൽ അതിന്റെ ഉത്തരവാദിത്വം നിർണ്ണയിക്കുക.

3. 19.11.1978-ന് മെനഞ്ചൈറ്റിസ് രോഗബാധ ഉറപ്പായപ്പോൾ അതിനു ഒരു നടപടിയെടുത്തോ;

4. മേലിൽ ഇത്തരം സംഭവങ്ങൾ തടയുന്നതിന് വേണ്ട കരുതൽ നടപടികൾ.

5. മുകളിൽ 1 മുതൽ 4 വരെ ഇനങ്ങളിലെ തീരുമാനത്തിന്റെ വെളിച്ചത്തിൽ ആശുപത്രിയുടെ ഭരണ സംവിധാനത്തിൽ വരുത്തേണ്ട മാറ്റങ്ങൾ എന്നീ കാര്യങ്ങളാണ് അന്വേഷണ വിധേയമായത്.

(സി) റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കാൻ ആരോഗ്യവകുപ്പു ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിർദ്ദേശങ്ങൾ പലതും ഇതിനകം നടപ്പാക്കിക്കഴിഞ്ഞിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly